# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റീസ്ട്രക്ച്ചേർഡ് സിലബസ്
# പി ജി സി എസ് എസ്
# എം എ പ്രോഗ്രാം കോഴ്സ്
# സംസ്കൃത ഭാഷയും സാഹിത്യവും – ജനറൽ
# സെമസ്റ്റർ 1 – എം.എ .സബ്സിഡിയറി – സംസ്കൃതം
# പി.സി– 1 – സംസ്കൃത ഭാഷയും സാഹിത്യവും

**കോൺടാക്ട് അവേഴ്സ് – 90 ക്രെഡിറ്റ് – 4**

---

## <u>പാഠ്യലക്ഷ്യം</u>

മലയാള ഭാഷയിലും സാഹിത്യത്തിലും ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ള സംസ്കൃതഭാഷയും സാഹിത്യവും അതേ ഭാഷയിലൂടെ തന്നെ പഠിക്കുവാനുള്ള പശ്ചാത്തലമൊരുക്കുക എന്നതാണ് ഈ കോഴ്സിന്റെ മുഖ്യ ലക്ഷ്യം.

സംസ്കൃതസാഹിത്യത്തിലെ സൗന്ദര്യപരമായ അംശങ്ങൾ പരിചയപ്പെടുത്തുക, അവയുടെ ആസ്വാദനം സാധ്യമാകും വിധം അറിവ് പകരുക, പാഠഭാഗവുമായി ബന്ധപ്പെട്ടുവരുന്ന വ്യാകരണതത്വങ്ങൾ വിശദീകരിച്ചു കൊടുക്കുക, മൂല്യകൃതികളുടെ ലഭ്യമായ പരിഭാഷകളെ പരിചയപ്പെടുത്തുക, കേരളീയ ഗ്രന്ഥകർത്താക്കളുടെ കൃതികളെ അവലോകനം ചെയ്യുക തുടങ്ങിയവയും ഈ കോഴ്സുകൊണ്ട് ലക്ഷ്യമിടുന്നു. കാവ്യഭാഗങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പ്രധാനപ്പെട്ട അലങ്കാരങ്ങളെക്കുറിച്ചും അലങ്കാരസങ്കല്പത്തെക്കുറിച്ചുമുള്ള വിശദമായ പ്രതിപാദനവും നാടകത്തെ പരിചയപ്പെടുത്തുമ്പോൾ രൂപകങ്ങൾ, നായകഭേദം, പഞ്ചസന്ധികൾ, അർഥപ്രകൃതികൾ എന്നിവയെക്കുറിച്ചുള്ള സാമാന്യവിവരണവും ഈ കോഴ്സിന്റെ മറ്റു ലക്ഷ്യങ്ങളാണ്.

## മൊഡ്യൂൾ – 1

കുമാരസംഭവം – നാലാം സർഗ്ഗത്തിന്റെ വിശദമായ പഠനം.

## മൊഡ്യൂൾ – 2

അഭിജ്ഞാനശാകുന്തളം – നാലാമങ്കത്തിന്റെ വിസ്തരിച്ചുള്ള പഠനം.

## <u>മൊഡ്യൂൾ – 3</u>

ഭാസന്റെ മധ്യമവ്യായോഗത്തിന്റെ വിസ്തരിച്ചുള്ള പഠനം.

## <u>മൊഡ്യൂൾ – 4</u>

ഭഗവദ്ഗീത – കാണ്ഡം – 3 –കർമ്മയോഗം,
നാരായണീയം – ദശകം – 38– ശ്രീകൃഷ്ണാവതാരവർണ്ണന. ഇവയുടെ വിശദമായ പഠനം.

## പാഠങ്ങൾ

1. കുമാരസംഭവം – നാലാം സർഗ്ഗം.
2. അഭിജ്ഞാനശാകുന്തളം – നാലാമങ്കം.
3. മധ്യമവ്യായോഗം – ഭാസൻ
4. ഭഗവദ്ഗീത – അദ്ധ്യായം – 3 – കർമ്മയോഗം.
5. നാരായണീയം – ദശകം – 38 – മേല്പുത്തൂർ നാരായണഭട്ടതിരി
6. ദശരൂപകം – പ്രകാശം – 1 – 3 – ധനഞ്ജയൻ
7. കാവ്യാലങ്കാരം – ഭാമഹൻ 2 , 3 പരിഛേദം.

## അധികവായനയ്ക്ക്

1. വാക്യതത്വം – എ. എസ്. അനന്തനാരായണശാസ്ത്രി.
2. അഭിജ്ഞാനശാകുന്തളം – പരി.വലിയകോയിത്തമ്പുരാൻ.
3. ശാകുന്തള – ടെക്സ്റ്റ്സ്, റീഡിങ്ങസ്, ഹിസ്റ്ററീസ് – റോമില ഥാപ്പർ.
4. കുമാരസംഭവം വ്യാഖ്യാനം – കുട്ടികൃഷ്ണമാരാർ.
5. ഭഗവദ്ഗീത വ്യാഖ്യാനം – സ്വാമി ചിന്മയാനന്ദൻ.
6. ഭാസനാടകചക്രം – ഡോ. ടി. ഭാസ്കരൻ.
7. ഭാസനാടകസർവ്വസ്വം – സുധാംശു ചതുർവ്വേദി.

.നാരായണീയം(രസികപ്രിയ വ്യാഖ്യാനം) – തൃപ്പൂണിത്തുറ സംസ്കൃത കോളേജ്

# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റീസ്ട്രക്ച്ചേർഡ് സിലബസ്
# പി ജി സി എസ് എസ്
# എം എ പ്രോഗ്രാം കോഴ്സ്
# സംസ്കൃത ഭാഷയും സാഹിത്യവും - ജനറൽ
# സെമസ്റ്റർ 2 - എം.എ .സബ്സിഡിയറി - സംസ്കൃതം
# പി.സി- 2 - സാഹിത്യമീമാംസ (പൗരസ്ത്യം)

**കോൺടാക്ട് അവേഴ്സ് - 90 ക്രെഡിറ്റ് - 4**

## പാഠ്യലക്ഷ്യം

പൗരസ്ത്യകാവ്യമീമാംസയുടെ അടിസ്ഥാനശിലകളായ കാവ്യതത്വങ്ങൾ പരിചയപ്പെടുത്തുക വഴി സാഹിത്യത്തിന്റെ ആസ്വാദനം, അപഗ്രഥനം, പഠനം, മൂല്യനിർണ്ണയം എന്നിവയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ കോഴ്സിന്റെ പ്രധാന ലക്ഷ്യം. സംസ്കൃതത്തിൽ ഉൾപ്പടെ ഇതര ഭാഷകളിലുണ്ടായിട്ടുള്ള സൗന്ദര്യ ശാസ്ത്ര സിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുക, സൗന്ദര്യ ശാസ്ത്രപരവും രസാസ്വാദനപരവുമായ കഴിവുകൾ പഠിതാക്കളിൽ വളർത്തുക, ഭാരതീയ കാവ്യമീമാംസയിലെ മഹത്തായ ഗ്രന്ഥങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക. എന്നിവയും ഈ കോഴ്സിന്റെ ലക്ഷ്യങ്ങളാണ്.

## മൊഡ്യൂൾ - 1

കവി, കാവ്യം സഹൃദയൻ -നിർവചനവും അർത്ഥവ്യാപ്തിയും.
കാവ്യപ്രയോജനം, കാവ്യകാരണം, കാവ്യലക്ഷണം, കാവ്യഭേദങ്ങൾ.
വിശദപഠനം - കാവ്യപ്രകാശം - മമ്മടൻ I ,II . ഉല്ലാസങ്ങൾ.

## മൊഡ്യൂൾ - 2

രസപദ്ധതി - രസസിദ്ധാന്തം നാട്യശാസ്ത്രത്തിൽ, ഭാവവും രസവും, രസവിവേചനം, ഭരതന്റെ രസസൂത്രം - പ്രധാനപ്പെട്ട രസസൂത്രവ്യാഖ്യാനങ്ങൾ - ഭട്ടലോല്ലടൻ , ശ്രീശങ്കുകൻ, ഭട്ടതൗതൻ, (അനുവ്യവസായവാദം) ഭട്ടനായകൻ, അഭിനവഗുപ്തൻ എന്നിവരുടെ രസസിദ്ധാന്തങ്ങൾ, രസനിഷ്പത്തിയെ സംബന്ധിച്ച ആധുനിക മതം - സാധാരണീകരണം, രസസംഖ്യ,സപ്ത വിഘ്നങ്ങൾ, രസസിദ്ധാന്തവും പാശ്ചാത്യ സാഹിത്യ മീമാംസയും, ലീലാതിലകത്തിലെ രസനിർവചനം, ഔചിത്യം എന്ന സംജ്ഞ, ഔചിത്യം ധ്വനി സിദ്ധാന്തത്തിൽ, കുന്തകന്റെ ഔചിത്യ ചിന്ത - ക്ഷേമേന്ദ്രന്റെ ഔചിത്യസിദ്ധാന്തം.

## വിശദപഠനം

1. നാട്യശാസ്ത്രം - ആറാമദ്ധ്യായം - ഭരതൻ
   പരി. പ്രൊഫ. കെ. പി. നാരായണ പിഷാരടി.
2. ഔചിത്യവിചാരചർച്ച - ക്ഷേമേന്ദ്രൻ ( തെരഞ്ഞെടുത്തഭാഗങ്ങൾ ).
3. രസഗംഗാധരം - ആനനം-1-( തെരഞ്ഞെടുത്തഭാഗങ്ങൾ ),

4. ലീലാതിലകം ( തെരഞ്ഞെടുത്തഭാഗങ്ങൾ ).

## മൊഡ്യൂൾ 3

ധ്വനിപദ്ധതി, ശബ്ദ വ്യാപാരങ്ങൾ, ധ്വനി സ്വരൂപം, ധ്വനി നിർവ്വചനം, ധ്വനിഭേദങ്ങൾ, ധ്വനിയും ഗുണവും, ഗുണീഭൂതവ്യംഗ്യം, രസധ്വനി, അലങ്കാരങ്ങളെക്കുറിച്ചുള്ള ധ്വനികാരന്റെ വീക്ഷണം, രസവദലങ്കാരം, ധ്വനിയുടെ വിശിഷ്ടപ്രയോജനങ്ങൾ.

## വിശദപഠനം.

ധ്വന്യാലോകം - ആനന്ദവദ്ധനൻ

## മൊഡ്യൂൾ 4

വാമനൻ - രീതിപദ്ധതി, ഭാമഹൻ, ദണ്ഡി എന്നിവരുടെ മാർഗചിന്തകൾ, രീതിയും ഗുണങ്ങളും, സംഘടന, കുന്തകന്റെ മാർഗസിദ്ധാന്തം, വക്രോക്തി സിദ്ധാന്തം, കുന്തകന്റെ വക്രോക്തി നർവ്വചനം, പൂർവ്വാചാര്യൻമാരുടെ വക്രോക്തി ഭേദങ്ങൾ –വക്രോക്തിയും ശൈലിയും. വൃത്തവിചാരം - മാത്രാവൃത്തങ്ങൾ, ഗണവൃത്തങ്ങൾ, ലക്ഷണം, കേക, മഞ്ജരി, നതോന്നത, ആര്യാ, ഗീതി, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, വസന്തതിലകം. അനുഷ്ടുപ്.

## വിശദപഠനം.

1. കാവ്യാലങ്കാരസൂത്രവൃത്തി - വാമനൻ
   അധികരണം - 1 - രീതിനിരൂപണം.
2. വക്രോക്തിജീവിതം - കുന്തകൻ ( തെരഞ്ഞെടുത്തഭാഗങ്ങൾ ).
3. വൃത്തമഞ്ജരി - എ. ആർ. രാജരാജവർമ്മ( തെരഞ്ഞെടുത്തഭാഗങ്ങൾ ).

## അധികവായനയ്ക്ക്

1. ഭാഷാഭൂഷണം – എ. ആർ. രാജരാജവർമ്മ.
2. സാഹിത്യഭൂഷണം – കുട്ടികൃഷ്ണമാരാർ.
3. രസഭാരതി – വേദബന്ധു.
4. ഔചിത്യവിചാരം – ക്ഷേമേന്ദ്രൻ – വ്യഖ്യാ – സി. വി. വാസുദേവഭട്ടതിരി.
5. ധ്വന്യാലോകം – പരി. സി. വി. വാസുദേവഭട്ടതിരി.
6. കാവ്യാദർശം – പരി. പ്രൊഫ. ആർ. വാസുദേവൻ പോറ്റി
7. താരതമ്യകാവ്യശാസ്ത്രം – ഡോ. സി. രാജേന്ദ്രൻ.
8. അപോഹതിയറി ( ഇന്ത്യൻ തിയറി ഓഫ് മീനിങ്ങ് ) – ഡോ. കെ. കുഞ്ഞുണ്ണിരാജ.
9. സ്ഫോടവാദം – നഗേശഭട്ടൻ.
10. സൗന്ദര്യവിചാരം – ആനന്ദകുമാരസ്വാമി.
11. അലങ്കാരശാസ്ത്രം മലയാളത്തിൽ – ഡോ. ചാത്തനാത്ത് അച്യുതനുണ്ണി.
12. രീതിദർശനം – ,,
13. സാഹിത്യമീമാംസ – ,,
14. കൈരളീധ്വനി – ഡോ. പി.കെ. നാരായണപിള്ള.
15. രസകൗമുദി – ഡോ. പൂജപ്പുര കൃഷ്ണൻനായർ.
16. ഭാരതീയകാവ്യശാസ്ത്രം – ഡോ. ടി. ഭാസ്കരൻ.
17. കാവ്യമീമാംസ – ഡോ. കെ. സുകുമാരപിള്ള.
18. വൃത്തിവിചാരം – കെ.കെ. വാദ്ധ്യാർ.
19. വക്രോക്തി കാവ്യജീവിതം –വ്യാഖ്യാ. ഡോ. എൻ. വി. പി. ഉണിത്തിരി.
20. സാഹിത്യനിരീക്ഷണങ്ങൾ – ഡോ. മാവേലിക്കര അച്യുതൻ.
21. സംസ്കൃത സാഹിത്യ വിമർശനം – ഡോ. എൻ. വി. പി. ഉണിത്തിരി.
22. മലയാള സാഹിത്യ വിമർശനം – ഡോ. തോന്നയ്ക്കൽ വാസുദേവൻ.
23. പൗരസ്ത്യ സാഹിത്യ ദർശനം – ഡോ. എം. എസ്. മേനോൻ.
24. വിശ്വസാഹിത്യദർശനം – ഡോ. നെല്ലിക്കൽ മുരളീധരൻ.
25. കാവ്യപീഠിക – മുണ്ടശ്ശേരി.
26. ദ്രാവിഡ വൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും – അപ്പൻതമ്പുരാൻ.

## ഉപന്യാസങ്ങൾ

1. രസസിദ്ധാന്തം – പ്രൊഫ. കെ. പി. നാരായണ പിഷാരടി.
2. ധ്വനിദർശനം – പ്രൊഫ. പി. സി. വാസുദേവൻ ഇളയത്.
3. വക്രോക്തി – ഡോ. എം. എസ്. മേനോൻ.
4. സാൻസ്ക്രിറ്റ് പോയറ്റിക്സ് – പി.വി. കാനേ.

---------------

# SCHEME OF EXAMINATION

## PGCSS-M A - MALAYALAM –SUBSIDIARY- SANSKRIT

## P C-I-SAMSKRTASAHITYAM

Texts-1. Kumarasambhavam –Canto-IV
2. Abhijnanasakuntalam –Chpt-IV
3. Madhyamavyayoga - Bhasa
4. Bhagavadgita –Chpt-III-Karmayoga
5. Narayaneeyam- Dasaka-38
6. Transalation.

| Sl. No. | Type of Questions | Weight | No. of Questions to be answered |
|---|---|---|---|
| 1-8 | Short answer type Qns (not exceeding one page)<br>2 from Module 1<br>2 from Module 2<br>2 from Module 3<br>2 from Module 4 | 5*1=5 | 5 out of 8 |
| 9-16 | Short answer type Qns (not exceeding two pages)<br>2 from Module 1<br>2 from Module 2<br>3 from Module 3<br>1 from Module 4 | 5*2=10 | 5 out of 8 |
| 17-22 | Essay Qns<br>1 from Module 1<br>1 from Module 2<br>2 from Module 3<br>2 from Module 4 | 5*3=15 | 3 out of 6 |

## DISTRIBUTION OF QUESTIONS FROM DIFFERENT MODULES

| Modules | Part A | Part B | Part C |
|---|---|---|---|
| 1 | 2 | 2 | 1 |
| 2 | 2 | 2 | 1 |
| 3 | 2 | 3 | 2 |
| 4 | 2 | 1 | 2 |

## SCHEME OF EXAMINATION

PGCSS II SEMESTER-M A MALAYALAM –SUBSIDIARY- SANSKRIT

**PC-II-PAURASTYA SAHITYA MIMAMSA**

Texts- 1. Kavyaprakasha of Mammata- ISelected portion.
2.Natyasastra of Bharata –Chpt-VI- Trans-Prof. K.P.Narayana Pisharoti
3. Aucityavicaracarca-Ksemendra-Selected portion.
4.Rasagangadhara –Jagannadhapandita-Anana-I-Selected portion.
5. Lilatilaka –Selected Portion.
6.Dhvanyaloka –Anandavardhana-Selected portion.
7. Kavyalankarasutravrti of Vamana -Adhikarana –I-Ritinirupana
8. Vakroktijivita-Kundaka-Selected portion.
9. Vrtamanjari –A. R .Rajarajavarma. –Selected portion.

| Sl. No. | Type of Questions | Weight | No. of Questions to be answered |
|---|---|---|---|
| 1-8 | Short answer type Qns (not exceeding one page)<br>3 from Module 1<br>1 from Module 2<br>2 from Module 3<br>2 from Module 4 | 5*1=5 | 5 out of 8 |
| 9-16 | Short answer type Qns (not exceeding two pages)<br>2 from Module 1<br>3 from Module 2<br>2 from Module 3<br>1 from Module 4 | 5*2=10 | 5 out of 8 |
| 17-22 | Essay Qns<br>1 from Module 1<br>2 from Module 2<br>2 from Module 3<br>1 from Module 4 | 5*3=15 | 3 out of 6 |

## DISTRIBUTION OF QUESTIONS FROM DIFFERENT MODULES

| Modules | Part A | Part B | Part C |
|---|---|---|---|
| 1 | 3 | 2 | 1 |
| 2 | 1 | 3 | 2 |
| 3 | 2 | 2 | 2 |
| 4 | 2 | 1 | 1 |

പി.ജി.സി.എസ്.എസ്.

എം.എ. പ്രോഗ്രാം കോഴ്സ് - 2012

സംസ്കൃതഭാഷയും സാഹിത്യവും-ജനറൽ

സെമസ്റ്റർ-1 എം.എ.സബ്സിഡിയറി-സംസ്കൃതം

പ്രോഗ്രാം കോഴ്സ്-1-സംസ്കൃതസാഹിത്യം

**സമയം. 3 മണിക്കൂർ** **വെയ്റ്റ്. 30**

**പാഠങ്ങൾ**

1 കുമാരസംഭവം-സർഗം-4

2 അഭിജ്ഞാനശാകുന്തളം-നാലാമങ്കം

3 മധ്യമവ്യായോഗം- ഭാസൻ

4 ഭഗവദ്ഗീത-അദ്ധ്യായം 3 കർമയോഗം

5 നാരായണീയം- 38-ാം ദശകം

6 തർജ്ജമ

സംസ്കൃതത്തിലോ, മലയാളത്തിലോ ഉത്തരമെഴുതുക. സംസ്കൃതഭാഷയിലെഴുതുന്നവർ ദേവനാഗരി ലിപി ഉപയോഗിക്കണം.

PART-A

wt:1X5=5

एकैकया खण्डिकया पञ्चानामुत्तरं लिखत ।

**ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക (1-8)**

1. वैक्लब्यं मम तावदीदृशमिदम् । कस्य ? केन कारणेन ?
   **ആരുടെ ? എന്തുകൊണ്ട്?**
2. प्रत्यर्पितन्यास इवान्तरात्मा । कः एवं वदति ? कस्मात् ?
   ആരാണിങ്ങനെ പറഞ്ഞത്? എന്തുകൊണ്ട്?
3. इत्थं रतेः किमपि भूतमदृश्यरूपम्
   मन्दीचकार मरणव्यवसायबुद्धिम्॥
   कथं मन्दीचकार ?

രതിയുടെ മരണത്തിലുറച്ച ചിന്തയെ എപ്രകാരം **ശിഥിലമാക്കി.?**

4. बलाबलं परिज्ञाय पुत्रमेकं विसर्जय । कः ? कं प्रति ? कदा एवं वदति ?

**ആര് ? ആരോട്? എപ്പോൾ പറഞ്ഞു?**

5. विशदयत - स्थापना ।

**സ്ഥാപനയെന്തെന്ന് വിശദീകരിക്കുക.**

6. इत्यादि तेन मुदितेन चिरं नुतोऽभूः । कः? कम् ? कथम् ?

**ആര്? ആരെ? എങ്ങനെ?**

7. मिथ्याचारः स उच्यते । कः ? केन कारणेन ?

ആര്? എന്തുകൊണ്ട്?

8. कैरल्यामनुवदत-

മലയാളത്തിൽ തർജ്ജമ ചെയ്യുക

अयि संप्रति देहि दर्शनम्
स्मरः, पर्युत्सुक एष माधवः।
दयितास्वनवस्थितं नृणां
न खलु प्रेम चलं सुहृज्जने ॥

PART-B

wt:2x5=10

पुटद्वयमनतिक्रम्योपन्यस्यत।

രണ്ടുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചുവിഷയങ്ങളെക്കുറിച്ച് ഉപന്യാസം രചിക്കുക.

9. "शाकुन्तले चतुर्थोऽङ्कः" - चतुर्थाङ्कस्य प्राधान्यं लिखत ।

അഭിജ്ഞാനശാകുന്തളനാടകത്തിലെ നാലാമങ്കത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

10. दुर्वाससा कृतस्य शापस्य वृत्तान्तं वर्णयत ।

ശാപവൃത്താന്തം വിവരിക്കുക.

11. रत्याः विलापं कालिदासोक्तरीत्या वर्णयत ।

രതിവിലാപം വർണിക്കുക.

12. तदिदं क्रियतामनन्तरं भवता बन्धुजनप्रयोजनम्।
रतिः वसन्तं किं कर्तुं आदिदेश ?

രതി വസന്തനോട് എന്തു ചെയ്യണമെന്നാണ് ആവശ്യപ്പെട്ടത്?

13. घटोत्कचस्य स्वभावं आविष्कुरुत।

ഘടോത്കചന്റെ സ്വഭാവം വർണിക്കുക.

14. मध्यमव्यायोगमिति नाम्नः सार्थक्यं विवृणुत ।

'മദ്ധ്യമ വ്യായോഗ' മെന്ന പേരിന്റെ പ്രസക്തിയെന്ത്?

15. घटोत्कचस्यादेशं श्रुत्वा ब्राह्मणकुमाराः किमब्रुवन् ?

ഘടോത്കചന്റെ ആവശ്യത്തോട് ബ്രാഹ്മണകുമാരന്മാർ എങ്ങനെ പ്രതികരിച്ചു?

16. कर्मानुष्टानस्यानिवार्यतायाः भगवदुक्तानि कारणानि कानि ?

കർമാനുഷ്ടാനം അനിവാര്യമാണ് എന്നതിന് ഭഗവാൻ ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ ഏവ?

PART-C wt:5x3=15

त्रीन् उपन्यस्यत।

ഏതെങ്കിലും മൂന്നു വിഷയങ്ങളെക്കുറിച്ച് ഉപന്യാസം രചിക്കുക. (17-22)

17. कुमारसंभवस्य चतुर्थसर्गमाश्रित्य कालिदासस्य अलङ्कारप्रयोगनैपुणीं प्रदर्शयत।

കുമാരസംഭവത്തിന്റെ നാലാം സർഗം ആധാരമാക്കി കാളിദാസന്റെ അലങ്കാരപ്രയോഗ വൈദഗ്ധ്യം വിവരിക്കുക.

18. शकुन्तलाविरहजमाश्रमवासिनां मृगवृक्षलतादीनां च दुःखपूर्णं चेष्टितं वर्णयत।

ശകുന്തളയുടെ വേർപാടിൽ ദുഃഖം പൂണ്ട ആശ്രമവാസികളുടെയും മറ്റും പ്രതികരണം എങ്ങനെയായിരുന്നു?

19. भीमघटोत्कचसंवादम्।

ഭീമഘടോത്കചസംവാദം സംഗ്രഹിക്കുക

20. रूपकभेदान् विशदीकृत्य तत्र मध्यमव्यायोगस्य वैशिष्ट्यं प्रदर्शयत।

രൂപകഭേദങ്ങൾ സൂചിപ്പിച്ച് അവയിൽ മദ്ധ്യമവ്യായോഗത്തിന്റെ വൈശിഷ്ട്യം വ്യക്തമാക്കുക.

21. श्रीकृष्णावतारवर्णना ।

ശ്രീകൃഷ്ണാവതാരം വർണിക്കുക.

22. भगवद्गीतायां कर्मयोगस्य विशेषं वर्णयत।

കർമയോഗത്തിന്റെ സവിശേഷത വിശദീകരിക്കുക.

# പി.ജി.സി. എസ്.എസ്

## എം.എ പ്രോഗ്രാം കോഴ്സ് 2012

## രണ്ടാം സെമസ്റ്റർ എം.എ സബ്സിഡിയറി സംസ്കൃതം

## പ്രോഗ്രാം കോഴ്സ് -2 പൗരസ്ത്യ സാഹിത്യ മീമാംസ

സമയം : 3 മണിക്കൂർ വെയ്റ്റ് : 30

**പാഠങ്ങൾ**

1. കാവ്യപ്രകാശം - മമ്മടൻ I ,II . ഉല്ലാസങ്ങൾ.
2. നാട്യശാസ്ത്രം - ആറാമദ്ധ്യായം - ഭരതൻ
   പരി. പ്രൊഫ. കെ. പി. നാരായണ പിഷാരടി.
3. ഔചിത്യവിചാരചർച്ച - ക്ഷേമേന്ദ്രൻ ( തെരഞ്ഞെടുത്തഭാഗങ്ങൾ ).
4. രസഗംഗാധരം - ആനനം-1 ജഗന്നാഥ പണ്ഡിതൻ.( തെരഞ്ഞെടുത്തഭാഗങ്ങൾ ).
5. ലീലാതിലകം ( തെരഞ്ഞെടുത്തഭാഗങ്ങൾ ).
6. ധ്വന്യാലോകം - ആനന്ദവർദ്ധനൻ
7. കാവ്യാലങ്കാരസൂത്രവൃത്തി - വാമനൻ
   അധികരണം - 1 - രീതിനിരൂപണം.
8. വക്രോക്തിജീവിതം - കുന്തകൻ ( തെരഞ്ഞെടുത്തഭാഗങ്ങൾ ).
9. വൃത്തമഞ്ജരി - എ. ആർ. രാജരാജവർമ്മ.( തെരഞ്ഞെടുത്തഭാഗങ്ങൾ ).

സംസ്കൃതത്തിലോ മലയാളത്തിലോ ഉത്തരമെഴുതുക. സംസ്കൃത ഭാഷയിൽ എഴുതുന്നവർ ദേവനാഗരിലിപി ഉപയോഗിക്കണം.

**പാർട്ട് – എ**

**wt:1x5=5**

एकैकया खण्डिकया पञ्चानामुत्तरं लिखत ।

ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

1.अभिधायाः स्वरूपं किम् ?

അഭിധയുടെ സ്വരൂപം വിശദമാക്കുക.

2.मम्मटोक्तं काव्यलक्षणं सदलकृत्यं व्याख्यात ।

മമ്മടൻ പറഞ്ഞിട്ടുള്ള കാവ്യ ലക്ഷണത്തിെ
ല ഓരോ പദത്തിന്റേയും പ്രയോജന സഹിതം വിവരിക്കുക.

3 अभिहितान्वयवादं विशदीकुरुत ।

അഭിഹിതാന്വയവാദം എന്നാലെന്ത് ?

4. चतुर्षु प्रकारेषु विद्या उपयुज्यते- विशदयत ।

അറിവ് നാലു വിധത്തിൽ ഉപയോഗപ്പെടുന്നു. ആ നാലു വിധങ്ങൾ ഏവ?

5.संघटनां विशदयत ।

വിവരിക്കുക-സംഘടന.

6.रसवदलङ्कारं विवृणुत ।

രസവദലങ്കാരം എന്തെന്ന് വ്യക്തമാക്കുക.

7.वृत्तानां रसव्यञ्जकत्वं दृष्टान्तपूर्वकं प्रतिपादयत ।

വൃത്തങ്ങളുടെ രസവ്യഞ്ജകത്വം സോദാഹരണം പ്രതിപാദിക്കുക.

8.लक्षणोदाहरणे लिखत ।

नतोन्नता । वसन्ततिलकम् ।

ലക്ഷണോദാഹരണങ്ങൾ എഴുതുക.

1. നതോന്നത 2. വസന്തതിലകം

**പാർട്ട് ബി**

**wt:2x5=10**

पुटद्वयमनतिक्रम्योपन्यस्यत ।

രണ്ടുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

9. मम्मटोक्तानि काव्यकारणानि विशदयत ।

കാവ്യകാരണങ്ങളായി മമ്മടൻ പറഞ്ഞിട്ടുള്ളവ ഏവ?

10.लक्षणाव्यापारं तद्भेदान् च विवृणुत ।

ലക്ഷണാവ്യാപാരവും അതിന്റെ വകഭേദങ്ങളും വിവരിക്കുക.

11.रसनिष्पत्तिविषये नव्यानां मतमुपपादयत ।

രസനിഷ്പത്തിയെ സംബന്ധിച്ചുള്ള ആധുനികാഭിപ്രായമെന്ത്?

12.विशदयत- साधारणीकरणम् ।

സാധാരണീകരണ സിദ്ധാന്തം എന്താണെന്ന് വ്യക്തമാക്കുക.

13. "औचित्यं काव्यस्य जीवितम्"।

अयमाशयं क्षेमेन्द्रोक्तरीत्या विशदीकुरुत ।

'ഔചിത്യമാണ് കാവ്യത്തിന്റെ പ്രാണൻ'

ക്ഷേമേന്ദ്രന്റെ മതപ്രകാരം ഈ ആശയം വ്യക്തമാക്കുക.

14.ध्वनेः लक्षणं सोदाहरणं विवृणुत ।

ധ്വനിലക്ഷണം സോദാഹരണം വിവരിക്കുക.

15. अर्थशक्तिमूलध्वनिं सप्रपञ्चं वर्णयत ।

അർത്ഥശക്തി മൂലധ്വനി എല്ലാ ഭേദത്തോടും കൂടി പ്രതിപാദിക്കുക.

16. कुन्तकाभिमतं षड्विधां वक्रतां विशदयत ।

ആറു വിധത്തിലുള്ള വക്രതകൾ വിവരിക്കുക.

**പാർട്ട് സി**

**wt:5x3=15**

त्रीन् उपन्यस्यत।

**ഏതെങ്കിലും മൂന്ന് വിഷയങ്ങളെക്കുറിച്ച് ഉപന്യാസം രചിക്കുക.**

17. मम्मटोक्तरीत्या काव्यभेदानां विवरणं कुरुत ।

മമ്മടാഭിപ്രായത്തിലെ പലതരം കാവ്യങ്ങൾ ഏവ എന്ന് വിശദീകരിക്കുക.

18. रससूत्रनिरूपणे शङ्कुकमतमुपन्यस्य विमृशत ।

രസസൂത്ര വ്യാഖ്യാനത്തിൽ ശങ്കുകന്റെ അഭിപ്രായം ചൂണ്ടിക്കാണിക്കുകയും അതിന്റെ അനുയോജ്യത്വം പരിശോധിക്കുകയും ചെയ്യുക.

19. नाट्योत्पत्तिकथां विवृणुत ।

നാട്യോൽപത്തി കഥ വിവരിക്കുക.

20. ध्वनेः विशिष्टप्रयोजनानि कानि ?

ധ്വനിയുടെ വിശിഷ്ടപ്രയോജനങ്ങൾ ഏവ ?

21. अभिधाव्यापारात् व्यञ्जनाव्यापारस्य वैलक्षण्यं ध्वनिकारमतेन समर्थयत ।

അഭിധയും വ്യഞ്ജനയും തമ്മിലുള്ള വ്യത്യാസം ധ്വനികാരന്റെ അഭിപ്രായത്തിൽ ചൂണ്ടിക്കാണിക്കുക.

22. रीतिः का ? काव्येषु तस्याः स्थानं किम् ?

രീതി എന്നാലെന്ത് ? കാവ്യങ്ങളിൽ അതിന്റെ സ്ഥാനം നിർണയിക്കുക.